പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7156 — 03. 11. 2011 ലെ മറുപടിക്ക്

തൊഴിൽ രഹിതരുടെ വിശദാംശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.ബഷീർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽരഹിതരുടെ എണ്ണം കുറച്ചു കൊണ്ടു വരുന്ന കാര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശദമാക്കുമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്ന മൂന്ന് (3) സ്വയം തൊഴിൽ പദ്ധതികൾ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് പ്രകാരം നടപ്പാക്കി വരുന്നു. ഇതിൽ കെസ്സു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് സബ്സിഡിയും, ശരണ്യ പദ്ധതി പ്രകാരം വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയും വകുപ്പു മുഖാന്തിരം അനുവദിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച്, തൊഴിൽ രഹിതരുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) 1-1-2011-ലെ കണക്കു പ്രകാരം സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) 1-1-2011-ലെ കണക്കു പ്രകാരം സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 43,00,273 ആകുന്നു. |
| (സി) തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; തൊഴിലുള്ളവനെന്നും തൊഴിൽ രഹിതനെന്നും തരംതിരിക്കുന്നതിന്റെ അടിസ്ഥാനതത്വങ്ങൾ വിശദമാക്കുമോ; | (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഇപ്പോഴും പുതുക്കിക്കൊണ്ടിരിക്കുന്ന ഉദ്യോഗാർത്ഥികളെയാണ് തൊഴിൽരഹിതരായി കണക്കാക്കുന്നത്. |

(ഡി) ഇന്ന് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാം തൊഴിൽരഹിതരാണോ; തൊഴിൽരഹിതരായവരെല്ലാം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കരുതാമോ; ഇല്ലെങ്കിൽ തൊഴിൽ രഹിതരായവരുടെ ശരിയായ കണക്ക് ശേഖരിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഇപ്പോഴും പുതുക്കിക്കൊണ്ടിരിക്കുന്ന ഉദ്യോഗാർത്ഥികളെയാണ് തൊഴിൽ രഹിതരായി കണക്കാക്കുന്നത്. തൊഴിൽരഹിതരായവരെല്ലാം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കരുതാനാവില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ കണക്ക് മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ.

സെക്ഷൻ ഓഫീസർ